**കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല**

**തൃശ്ശൂർ – 680 596**

**ഫോൺ: 0487 – 2207650, 2207664 ഫാക്സ്: 0487 – 2206790**
**ഇമെയിൽ : purchases2@kuhs.ac.in**

---

നമ്പർ : 8657/2024/B1/Admn-P/KUHS — തീയതി: 23-04-2026

## ലേലം നോട്ടീസ്

ഒരു വർഷത്തേക്ക് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ 7 മാവുകളിലെ കായ്ഫലങ്ങൾ വിളവെടുപ്പിനുള്ള അവകാശം ലേലം വഴി നൽകുന്നതാണ്.

**ലേല തിയതി : 2026 മെയ് 5**

**സമയം : പകൽ 12.00 മണി**

**ലേലം നടത്തുന്ന സ്ഥലം : സർവകലാശാല ക്യാമ്പസ്**

ലേല സാധനങ്ങളുടെ വിവരവും നിരതദ്രവ്യ നിരക്കും താഴെ കൊടുത്തിരിക്കുന്നു .ലേലം കൊള്ളുന്ന വ്യക്തിയുടെ ഒഴികെ , മറ്റുള്ളവരുടെയെല്ലാം നിരതദ്രവ്യം ലേലാവസാനം മടക്കി കൊടുക്കുന്നതാണ്.ഏറ്റവും കൂടുതൽ വിലയ്ക്ക് ലേലം കൊള്ളുന്ന വ്യക്തിയുടെ നിരക്ക് തൃപ്തികരമാണെന്ന് കണ്ടാൽ മാത്രം സ്വീകരിക്കുന്നതും ലേലം ഉറപ്പിക്കുന്നതുമായിരിക്കും.ലേലം കൊള്ളുന്ന വ്യക്തി, ലേല തുകയുടെ പകുതി (നിരത ദ്രവ്യം കഴിച്ച്) അന്നു തന്നെയും, ബാക്കി തുക 7 ദിവസത്തിനുള്ളിലും സർവ്വകലാശാല ഓഫീസിൽ അടയ്ക്കേണ്ടതാണ്.

ലേലം കൊള്ളുന്ന വ്യക്തി, ലേല നിബന്ധനകളിൽ വീഴ്ചവരുത്തുന്ന പക്ഷം, തന്മൂലം സർവകലാശാലയ്ക്കുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ഉത്തരവാദിയായിരിക്കുന്നതും അയാളിൽ നിന്ന് നിലവിലുള്ള നിയമ പ്രകാരം നഷ്ടം ഈടാക്കുന്നതുമാണ്. കേരള സർക്കാരിന്റെ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം സംബന്ധിച്ചുള്ള, സർവകലാശാല രജിസ്ട്രാറുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

**ലേല സാധനങ്ങളുടെ വിവരങ്ങളും നിരത ദ്രവ്യ നിരക്കുകളും:**

| ലേല സാധനങ്ങൾ | നിരത ദ്രവ്യം (രൂപ) |
|---|---|
| ഒരു വർഷത്തേക്ക് സർവകലാശാല കാമ്പസിലെ 7 മാവുകളിലെ കായ്ഫലങ്ങൾ വിളവെടുക്കുന്നതിനുള്ള അവകാശം. | 15/- രൂപ |

**മറ്റ് നിബന്ധനകൾ:**

1. ലേലത്തിൽ പങ്കെടുക്കാൻ വരുന്നവർ ഫോട്ടോ ഐഡന്റിറ്റി കാർഡ് (വോട്ടർ ഐഡി/ആധാർ കാർഡ്/പാൻ കാർഡ്.) ഹാജരാക്കേണ്ടതാണ്.

2. ലേലത്തിൽ പങ്കെടുക്കുന്നതിനു മുൻപായി വിളവെടുക്കേണ്ട ഫലങ്ങൾ നേരിൽ കണ്ടു ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് പിന്നീടുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

3. പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മാത്രമേ വിളവെടുക്കാവൂ.

4. സർവകലാശാലയുടെ വസ്തുവകകൾക്ക് യാതൊരു കേടുപാടുകളും വരുത്തുവാൻ പാടുള്ളതല്ല.

5. ലേല തുകയുടെ 5% സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി അടയ്ക്കേണ്ടതാണ്.

Document 2026/37618/1 - Tender Notice - File No. 2024/8657/1 Digitally approved document; signature not required.
Approved by DR (Admn - II) on 2026-04-23 13:33:57
http://www.kuhs.ac.in
EzbHF-DtD-IOStC-SncI
KUHS, Thrissur

**ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണവിഭാഗം II )**

**(രജിസ്ട്രാർക്ക് വേണ്ടി)**

സ്വീകർത്താവ്: സർവകലാശാല നോട്ടീസ് ബോർഡ് / വെബ് സൈറ്റ്

Document 2026/37618/1 - Tender Notice - File No. 2024/8657/1
Approved by DR (Admn - II) on 2026-04-23 13:33:57 Digitally approved document; signature not required.
http://www.kuhs.ac.in
EzbHF-DtD-IOStC-SncI
KUHS, Thrissur